**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5177** **21-07-2022 - ൽ മറുപടിയ്ക്ക്**

**പഴവർഗ്ഗങ്ങളുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഹോർട്ടികോർപ്പ് വിപണയിടപെടൽ നടത്താറുണ്ട്. ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവക്കാലങ്ങളിൽ ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷം ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും 5792.6 ടൺ പച്ചക്കറികൾ സംഭരിച്ചു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്ന് സംഭരിച്ചാണ് വിപണനം നടത്തുന്നത്. ഇപ്രകാരം ഈ സാമ്പത്തിക വർഷം 14296.1 ടൺ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തി.<br><br>2021 നവംബർ, ഡിസംബർ മാസങ്ങളിൽ പച്ചക്കറികളുടെ വില നിയന്ത്രാണതീതമായി വർദ്ധിക്കുകയും തക്കാളി വില 120/- രൂപ വരെ എത്തുകയും ചെയ്ത സാഹചര്യത്തിൽ 50/- രൂപയ്ക്ക് തക്കാളിയും മറ്റ് പച്ചക്കറികളും പൊതുവിപണിയെക്കാൾ 20-30% വിലക്കുറച്ച് ഹോർട്ടികോർപ്പിന്റെയും കൃഷി വകുപ്പിന്റെയും വിൽപ്പനശാലകൾ വഴിയും തക്കാളി വണ്ടികൾ വഴിയും വിതരണം നടത്തിയിരുന്നു. ഇതോടൊപ്പം പാലക്കാട് ജില്ലയിലെ കർഷകരിൽ നിന്നും 78 ടൺ തക്കാളിയും ആന്ധ്രപ്രദേശിലെ കർഷകരിൽ നിന്നും 10 ടൺ തക്കാളിയും സംഭരിച്ച് സംസ്ഥാനത്ത് വിതരണം നടത്തി. പഴം-പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നുതന്നെ ലഭ്യമാക്കുന്നതിനായി എല്ലാ |

| | | | |
|---|---|---|---|
| | | | നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140 ഗ്രാമശ്രീ ഹോർട്ടിബസാറുകളും എല്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 1,232 ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും വരും വർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. സംഭരണം ശക്തമാക്കുന്നതിന്റെ ഭാഗമായി വരും വർഷങ്ങളിൽ ഹോർട്ടികോർപ്പ് ബ്ലോക്ക് തല സംഭരണ ഉപകേന്ദ്രങ്ങൾ തുടങ്ങുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| (ബി) | ഹോർട്ടികോർപ്പ് സ്റ്റാളുകളിൽ പഴം-പച്ചക്കറി വില മാർക്കറ്റ് വിലയ്ക്ക് സമാനമാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | നിലവിൽ കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം, വി.എഫ്.പി.സി.കെ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്ന വിപണി വില താരതമ്യം ചെയ്താണ് ഹോർട്ടികോർപ്പ് ദിവസേന വില നിശ്ചയിക്കുന്നത്. നിത്യോപയോഗത്തിന് അനിവാര്യമായതും കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടാത്തതും, സുലഭമല്ലാത്തതുമായ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നോ/ കച്ചവടക്കാരിൽ നിന്നോ വാങ്ങാൻ ഹോർട്ടികോർപ്പ് നിർബന്ധിതമാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വില നിയന്ത്രണം കർശനമായി പാലിക്കാൻ കഴിയാതെ വരുന്നു. എന്നിരുന്നാലും മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ നിരക്കിൽ പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തി വരുന്നു. |
| (സി) | ഹോർട്ടികോർപ്പ് എവിടെ നിന്നെല്ലാമാണ് പഴം-പച്ചക്കറികൾ ശേഖരിക്കുന്നതെന്നും ആയതിന് ഇടനിലക്കാർ ഉണ്ടോയെന്നും അറിയിക്കുമോ? | (സി) | കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ളസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യാന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി |

| | | | |
|---|---|---|---|
| | | | ജില്ലയിലെ ഫാർമേഴ്സ് പ്രോഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പ് വച്ച് സംഭരണം നടത്തിവരുന്നു. ഹോർട്ടികോർപ്പിന്റെ സ്ഥിര ഉപഭോക്താക്കളായ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ലൈസൻസി സ്റ്റാളുകൾക്കും ഹോർട്ടികോർപ്പ് നേരിട്ട് നടത്തുന്ന സ്റ്റാളുകളിലും ചില സന്ദർഭങ്ങളിൽ വിതരണം തടസ്സം കൂടാതെ നിലനിറുത്തുന്നതിനായി എംപാനൽ ചെയ്ത വിതരണക്കാരിൽ നിന്നും പച്ചക്കറി സംഭരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ